## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ആധുനികവത്കരണം

22 (*168)ശ്രീ. വി.സി. കബീർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ശാസ്ത്രീയ മനുഷ്യവിഭവശേഷി മാനേജ്മെന്റ് തത്വങ്ങൾക്കനുസൃതമായി നവീകരിക്കുവാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) തൊഴിൽ കമ്പോളത്തിലെ ഡിമാന്റ് മനസ്സിലാക്കാൻ സർവ്വേ നടത്തി, സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് അവസരങ്ങൾ 'ഫോർകാസ്റ്റ്' നടത്തുന്നതിന് ട്രെയിനിംഗ് സംഘടിപ്പിക്കുവാൻ ഉതകുന്നവിധത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 'ഇന്റർനെറ്റ്' ഏർപ്പെടുത്തുവാനും ഉദ്യോഗാർത്ഥികൾക്ക് സൗജന്യ നിരക്കിൽ ഉദ്യോഗലഭ്യത സംബന്ധിച്ച ഇ-മെയിൽ അയയ്ക്കുവാനും സൗകര്യം ഏർപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഇൻഫർമേഷൻ ടെക്നോളജി വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവരുന്നു.

(ബി)&(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വിതരണം ചെയ്യുന്ന അരി

23 (*169)ശ്രീ. രാജു എബ്രഹാം :

ശ്രീമതി എൻ.കെ. രാധ :

ശ്രീ. എ. അലി ഹസ്സൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യവഴി സംസ്ഥാനത്തെ റേഷൻ കടകളിൽക്കൂടി ഗുണമേന്മ കുറഞ്ഞ അരിയാണ് വിതരണം ചെയ്യുന്നതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉപയോഗശൂന്യവും മാസങ്ങളായി ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നതുമായ അരിയാണ് സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി വിതരണം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly